# കേരള സർവ്വകലാശാല

നം.30117/അഡ്മിൻ എII/2023/UOK 18.05.2023

## വിജ്ഞാപനം

കേരള സർവകലാശാലയിൽ താൽക്കാലിക ദിവസവേതനാടിസ്ഥാനത്തിൽ സുരക്ഷാ ജീവനക്കാരെ [പുരുഷന്മാരെയും വനിതകളെയും] ജോലിക്കെടുക്കുന്നു. വിശദവിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു .

1. ഉദ്യോഗപ്പേര് : സെക്യൂരിറ്റി ഗാർഡ്
2. നിയമന രീതി : താൽക്കാലികം, ദിവസവേതനാടിസ്ഥാനത്തിൽ
3. ശമ്പളം : പ്രതിദിനം 755/- രൂപാ നിരക്കിൽ
4. പ്രായം : 30-50 വയസ് (01.01.2023 അടിസ്ഥാനമാക്കി)
5. Medical : (a) AYE(Medically Perfect) (b) Fit for Civil employment.
6. യോഗ്യതകൾ :

(എ) **പുരുഷന്മാർ** - എഴുതുവാനും വായിക്കുവാനുമുള്ള കഴിവ്, മിലിറ്ററി/ ബി.എസ്.എഫ്./ സി.ആർ.പി.എഫ്. തുടങ്ങിയ സൈനിക-അർദ്ധസൈനിക സേവന പരിചയം.

(ബി) **വനിതകൾ** - എഴുതുവാനും വായിക്കുവാനുമുള്ള കഴിവ്, എൻ.സി.സി. B/C സർട്ടിഫിക്കറ്റ് നേടിയവർ/ എൻ.സി.സി. കേഡറ്റായി റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്തവർ / ബി.എസ്.എഫ്./ സി.ആർ.പി.എഫ്./ പാരാമിലിറ്ററി ഫോഴ്സ് തുടങ്ങിയവയിൽ ഏതെങ്കിലുമുള്ള സേവന പരിചയം.

നിശ്ചിത യോഗ്യതകളുള്ള ഉദ്യോഗാർത്ഥികൾ, വിജ്ഞാപനത്തോടൊപ്പം നൽകിയിട്ടുള്ള നിശ്ചിത അപേക്ഷ ഫോം പൂരിപ്പിച്ച് ചുവടെ പറയുന്ന എല്ലാ രേഖകളോടൊപ്പം **02.06.2023, 5 മണിക്ക്** മുൻപായി "രജിസ്ട്രാർ , കേരള സർവ്വകലാശാല, പാളയം, തിരുവനന്തപുരം -695034" എന്ന അഡ്രസ്സിൽ സമർപ്പിക്കേണ്ടതാണ് (അപേക്ഷകർ കവറിന് പുറത്ത് സുരക്ഷാവിഭാഗം ജീവനക്കാരുടെ തെരഞ്ഞെടുപ്പിനുള്ള അപേക്ഷ എന്ന് രേഖപെടുത്തണം).

i. പ്രായം / ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, നോട്ടിഫിക്കേഷനിൽ പരാമർശിച്ചിരിക്കുന്ന മറ്റ് ആവശ്യമായ യോഗ്യതകൾ എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.
ii. ജാതി സർട്ടിഫിക്കറ്റ് / നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ (പിന്നോക്ക സംവരണത്തിന് അർഹതയുണ്ടെങ്കിൽ) സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
iii. പരിചയ സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
iv. സൈനിക - അർദ്ധസൈനിക സർവ്വീസ് ഡിസ്ചാർജ് സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
v. നോട്ടിഫിക്കേഷൻ തീയതിക്ക് ശേഷമുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ.

**രജിസ്ട്രാർ**

The document is digitally approved. Hence signature is not needed.

Draft #2 of File 30117/Admn A II/2023/UOK Approved by Registrar on 18-May-2023 11:32 AM - Page 1